തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ഇടുക്കി
ഡി.പി.ആർ.സി ബിൽഡിംഗ്, കയിലിമല,
പൈനാവ് പി. ഒ. - 685603, ഫോൺ: 04862 295011,
ഇ-മെയിൽ: jdlsgdidk@gmail.com

കേരള സർക്കാർ

നമ്പർ: LSGD/JD/IDK/3815/2025-F2

തിയതി: 11-08-2025

# സിറ്റിസൺ അദാലത്ത്

## ഉപജില്ലാ സമിതി -ഐവി ഒ III, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി

## ഡോക്കറ്റ് നമ്പർ - BPIDK30601000044 - ജെസ്സ് ഐസക്ക്

**പരാതി സംഗതി**

അറക്കുളം ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽ ഗ്രീൻ ബർഗ് ഹോളി ഡേ റിസോർട്ട് പ്രൈവറ്റ് LTD ശ്രീ ജെസ്സ് ഐസക്കിന്റെ ഉടമസ്ഥതയിലുള്ള അറക്കുളം വില്ലേജിൽ ബ്ലോക്ക് 23 ൽ സർവ്വേ നം 18/6, 18/7 എന്നിവയിൽപ്പെട്ട 89.94 ആരിൽ ഉൾപ്പെട്ട് വരുന്ന സ്ഥലത്ത് 219.16 M2 Built up Area വരുന്ന റസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിന് അനുമതി ആവശ്യപ്പെട്ട് നൽകിയ അപേക്ഷ അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിരസിച്ചതാണ് പരാതി സംഗതി

**സെക്രട്ടറിയുടെ റിപ്പോർട്ട്**

കെട്ടിട നിർമ്മാണ പെർമിറ്റിനായി സമർപ്പിച്ച സൂചന അപേക്ഷ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ആവശ്യപ്പെട്ടിട്ടുള്ളത് അറക്കുളം വില്ലേജിൽ ബ്ലോക്ക് 23 ൽ സർവ്വേ നമ്പർ 18/6, 18/7 എന്നിവയിൽപ്പെട്ട 80.94 ആർ ൽ ഉൾപ്പെട്ടുവരുന്ന സ്ഥലത്താണെന്നു കാണുന്നു. 219.16 M2 ബിൽറ്റ് അപ്പ് ഏരിയ വരുന്ന Residential കെട്ടിട നിർമ്മാണത്തിന് അനുമതി ആവശ്യപ്പെട്ട ടി സ്ഥലം രേഖകൾ പ്രകാരം ഗ്രീൻബെർഗ് ഹോളിഡെ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കുവേണ്ടി മാനേജിംഗ് ഡയറക്ടർ കൊട്ടുകാപ്പിള്ളിൽ ഐസക് ജോസഫ് എന്നയാൾ ഉടമസ്ഥതയിലുള്ളതും കൈവശാവകാശ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 1964 ലെ ഭൂപതിവ് ചട്ട പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള സ്ഥലം ആണെന്നും കാണുന്നു. എന്നാൽ പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ഗ്രീൻബെർഗ് ഹോളിഡെ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കുവേണ്ടി മാനേജിംഗ് ഡയറക്ടർ ജെസ്റ്റ് ഐസക് എന്ന പേരിലാണ്. 1964 ലെ പട്ടയ പ്രകാരം ലഭിച്ച സ്ഥലത്ത് വാണിജ്യാവശ്യത്തിനായി പ്രവർത്തിക്കുന്ന ഗ്രീൻബെർഗ് ഹോളിഡെ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകൻറെ പേരിൽ ടി സ്ഥലത്തിൻറെ കൈവശാവകാശം തെളിയിക്കുന്ന റവന്യൂ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ 1964 ലെ ഭൂപതിവ് ചട്ട പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള സ്ഥലത്ത് പട്ടയ വ്യവസ്ഥകളിൽ പറഞ്ഞിട്ടുള്ളതല്ലാത്ത വാണിജ്യാവശ്യത്തിനായി പ്രവർത്തിക്കുന്ന ഗ്രീൻബെർഗ് ഹോളിഡെ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിട നിർമ്മാണത്തിന് അനുമതി നല്കാൻ കഴിയില്ല. ആയതിനാൽ സൂചന പ്രകാരമുള്ള അപേക്ഷ നിരസിച്ചു. ആവശ്യമായ രേഖകൾ സഹിതം KSmart മുഖേന പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഉപജില്ലാ അദാലത്ത് സമിതി തീരുമാനം**

ഉപജില്ല അദാലത്ത് സമിതി കൺവീനറും, അംഗങ്ങളും, അപേക്ഷകനായ ശ്രീ ജെസ്സ് ഐസക്കും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, അസ്സി. എൻജിനീയറും ഹാജരായി. ഗ്രീൻ ബർഗ് ഹോളിഡേ

റിസോർട്ട് പ്രൈവറ്റ് LTD ലെ ജീവനക്കാർക്ക് താമസ്സാവശ്യത്തിനുവേണ്ടിയാണ് എം.ഡി. ശ്രീ ജെസ്സ് ഐസക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്ന് സമിതിക്ക് ബോധ്യപ്പെട്ടു. സെക്രട്ടറിയുടെ സൂചന റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടയ പ്രകാരവും KPBR പ്രകാരവും ടി അപേക്ഷപ്രകാരമുള്ള താമസ്സാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിനീയമാണ്.

ഗ്രീൻ ബർഗ് ഹോളിഡേ റിസോർട്ട് പ്രൈവറ്റ് LTD ൻറെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ടി കമ്പനിയുടെ എം.ഡി. ആയി അപേക്ഷകനായ ശ്രീ ജെസ്സ് ഐസക്കിനെ നിയമിക്കുകയും സൂചന അപേക്ഷയിലെ വ സ്തുവിൻറെ ഉടമസ്ഥൻ എന്ന നിലയിൽ പെർമിറ്റ് എടുക്കുന്നതിന് അനുവാദം നൽകിയിട്ടുള്ള സത്യവാങ്മൂലം ടിയാൻ അദാലത്ത് സമിതി മുൻപാകെ ഹാജരാക്കി. ആയതും പരിശോധിച്ച് ബോധ്യപ്പെട്ട സാഹചര്യത്തിലും പെർമിറ്റ് അനുവദിക്കുന്നതിന് KPBR പ്രകാരം മറ്റ് തടസ്സങ്ങളില്ലെന്ന് അസ്സി. എൻജിനീയർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലും ശ്രീ ജെസ്സ് ഐസക്കിൻറെ അപേക്ഷയിൻമേൽ പെർമിറ്റ് നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഫയൽ തീർപ്പാക്കുന്നു.

Abdul Samad P M
INTERNAL VIGILANCE OFFICER
കൺവീനർ സിറ്റിസൺ അദാലത്ത്
ഉപജില്ലാ അദാലത്ത് സമിതിIII
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇടുക്കി

Signed by
P M Abdul Samad
Date: 11-08-2025 14:08:56